(സി) ആയത് സംബന്ധിച്ച് അന്വേഷണം നടത്തി നിലവിലുള്ള നിയമപ്രകാരം നടപടികൾ സ്വീകരിക്കുവാൻ കഴിയുമോയെന്ന് പരിശോധിക്കുന്നതാണ്.

(ഡി) കേരള ലാന്റ് റിഫോംസ് ആക്ട് സെക്ഷൻ 81 പ്രകാരമുള്ള ഇളവ് അനുവദിച്ചിട്ടുള്ള തോട്ടഭൂമികൾ മുറിച്ചുവിൽക്കുന്നത് തടയുന്നതിന് പ്രസ്തുത ആക്ടിലോ അനുബന്ധ ചട്ടങ്ങളിലോ വ്യവസ്ഥയില്ലാത്തതാണ്. എന്നാൽ പ്രസ്തുത നിയമത്തിലും ചട്ടങ്ങളിലും ഭേദഗതിവരുത്തി ഇപ്രകാരം ഇളവ് അനുവദിക്കപ്പെട്ട ഭൂമികൾ മുറിച്ചുവിൽക്കുന്നത് തടയുന്നത് സംബന്ധിച്ച് സർക്കാർ പരിശോധിക്കുന്നതാണ്.

കുളം പുറമ്പോക്ക് പതിച്ചുനൽകിയ സംഭവം

180 (3964) ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം താലൂക്കിൽ കുടപ്പനക്കുന്ന് വില്ലേജിൽ മുൻ സർവ്വേ 1829-ൽ ഉൾപ്പെട്ട റീസർവ്വേ ബ്ലോക്ക് 22-ൽ സർവ്വേ 343/5-ൽ ഉൾപ്പെട്ട സർക്കാർ വക കുളം പുറമ്പോക്ക് സ്വകാര്യ വ്യക്തിയുടെ പേരിൽ പട്ടയം പതിച്ചു നൽകിയ സംഭവം ഉണ്ടായിട്ടുണ്ടോയെന്ന് അറിയിക്കുമോ ;

(ബി) ഇത് സംബന്ധിച്ച് സർവ്വേ വിജിലൻസ് ഓഫീസർ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിരുന്നുവോ ;

(സി) ഈ അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ;

(ഡി) സർക്കാർ വക കുളം പുറമ്പോക്ക് സ്വകാര്യ വ്യക്തിക്ക് പതിച്ചു കൊടുത്ത നടപടി റദ്ദാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിനുള്ള കാലതാമസത്തിനു കാരണമെന്തെന്ന് വ്യക്തമാക്കുമോ ;

(ഇ) ഇത് സംബന്ധിച്ച അന്വേഷണത്തിൽ ഉത്തരവാദിയായി കണ്ടെത്തിയ ഉദ്യോഗസ്ഥൻ ആരാണെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഇദ്ദേഹത്തെ തിരുവനന്തപുരം താലൂക്കിലെ മണക്കാട് വില്ലേജിലെ സർക്കാർ വക പുറമ്പോക്ക് ഭൂമി ഫിക്സ് ചെയ്ത് നൽകാൻ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ടോ ;

(ജി) സർക്കാർ കുളം പുറമ്പോക്ക് ഭൂമി പതിച്ചു നൽകിയ ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടി കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കുടപ്പനക്കുന്ന് വില്ലേജിലെ ബ്ലോക്ക് നമ്പർ.22-ൽ റീസർവ്വേ നമ്പർ.342/2, 3, 4, 5 എന്നിവ മുൻസർവ്വേ നമ്പർ 1821-ൽ മാത്രമാണ് ഉൾപ്പെട്ടുവരുന്നത്. SA-400/04-ാം നമ്പർ അപേക്ഷ കക്ഷിയായ ശ്രീമതി സുനിതയ്ക്ക് 1821-ൽ മാത്രമാണ് അവകാശമുള്ളത്. മുൻസർവ്വേ അളവു പ്രകാരം 1821-ന്റെയും 1829-ന്റെ പൊതുഅതിർത്തിയുടെ അളവ് 563 ലിങ്ക്സാണ് (112.6 മീറ്റർ). എന്നാൽ SA-400/04-ാം നമ്പർ പരാതി പ്രകാരം റീസർവ്വേ നമ്പർ 342/2, 3, 4, 5 എന്നിവയുടെയും സർക്കാർ കുളം പുറമ്പോക്ക് ഉൾപ്പെട്ടുവരുന്ന 343/4, 5 എന്നിവയുടെയും പൊതുഅതിർത്തിക്ക് മാറ്റംവരുത്തി 4.44 ആർ (10.97 സെന്റ്) ഭൂമി സർക്കാർ പുറമ്പോക്കിൽനിന്നും സ്വകാര്യ വ്യക്തികളുടെ പേരിലാക്കിയതായി കണ്ടെത്തിയിട്ടുണ്ട്. പാതിരപ്പള്ളി കരയിൽ കങ്കരയത്ത് ലാസർ ബംഗ്ലാവിൽ ശ്രീ. ലാസർ, ശ്രീമതി സോസാമ്മ ലാസർ എന്നിവർ DSA 31/08-ാം നമ്പരായി ജില്ലാ സർവ്വേ സൂപ്രണ്ടിന് വിസ്തീർണ്ണ വ്യത്യാസം പരിഹരിക്കുന്നതിനായി നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ ടിയാളുകൾ അനധികൃതമായി കയ്യേറി കൈവശംവച്ചിരിക്കുന്ന റീസർവ്വേ 343/5-ൽപ്പെട്ട 8.5 ആർ സർക്കാർ കുളം പുറമ്പോക്ക് ഭൂമി ടി വ്യക്തികളുടെ പേരിൽ മാറ്റിക്കൊടുത്തതായും കണ്ടെത്തിയിട്ടുണ്ട്.

(ഡി) ഇല്ല. ഇത് സംബന്ധിച്ച് സർവ്വേ ഡയറക്ടർ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയത്തിന്മേൽ തുടർ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ജി.ഒ.(ആർ.റ്റി) നമ്പർ 1398/09/ റവന്യൂ തീയതി 6-5-2009 പ്രകാരം അഡീഷണൽ ലാന്റ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തിയിരിക്കുന്നു. അതിൻപ്രകാരം ലഭിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

(ഇ&എഫ്) റീസർവ്വേ ബ്ലോക്ക് 22-ൽ സർവ്വേ 343/5 -ൽ ഉൾപ്പെട്ട സർക്കാർവക കുളം പുറമ്പോക്കിന്റെ വടക്കുഭാഗത്തെ കയ്യേറ്റം സാധൂകരിച്ച് നൽകിയതിൽ (1) ശ്രീമതി ജി. ഐ. ഇന്ദിരാകുമാരി, ഒന്നാംതരം സർവ്വേയർ, (2) ശ്രീമതി പ്രസന്ന കുമാരിയമ്മ, ഹെഡ് സർവ്വേയർ, (3) ശ്രീ. ബി. വിജയൻ, റീസർവ്വേ സൂപ്രണ്ട്, (4) ശ്രീ. കെ. സുരേന്ദ്രൻ, മേഖലാ ജോയിന്റ് ഡയറക്ടർ എന്നിവരും റീസർവ്വേ ബ്ലോക്ക് 22-ൽ സർവ്വേ 343/5-ൽ ഉൾപ്പെട്ട സർക്കാർവക കുളം പുറമ്പോക്കിന്റെ തെക്കുഭാഗത്തെ കയ്യേറ്റം സാധൂകരിച്ച് നൽകിയതിൽ (1) ശ്രീ. ജി. ബിനുകുമാർ, ഒന്നാംതരം സർവ്വേയർ, (2) ശ്രീ. കെ. എസ്. അജികുമാർ, ഹെഡ് സർവ്വേയർ (3) ശ്രീ. കെ. ബി. വിജയകുമാർ, സർവ്വേ സൂപ്രണ്ട്, (4) ശ്രീ. ബാബു തെക്കൻ, മേഖലാ ജോയിന്റ് ഡയറക്ടർ എന്നിവരും ഉത്തരവാദികളായി കണ്ടെത്തിയിട്ടുണ്ട്. ഇതിൽപ്പെട്ടതും പത്തനംതിട്ട സർവ്വേ ഡെപ്യൂട്ടി ഡയറക്ടറുമായ ശ്രീ. ബി. വിജയനെ ഭൂമി കേരളം പദ്ധതിയുടെ കീഴിൽ തിരുവനന്തപുരം താലൂക്കിലെ തിരുമല, മണക്കാട് വില്ലേജുകളുടെ അതിർത്തി/ആയക്കെട്ട് റീഫിക്സിംഗ് ജോലികൾക്കായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ജി) സർക്കാർവക കുളം പുറമ്പോക്കിന്റെ വടക്കുഭാഗത്തെ കയ്യേറ്റം സാധൂകരിച്ച് നൽകിയ (1) ശ്രീമതി ജി.ഐ.ഇന്ദിരാകുമാരി, FGS, (2) ശ്രീമതി പ്രസന്നകുമാരിയമ്മ, ഹെഡ് സർവ്വേയർ, (3) ശ്രീ. ബി. വിജയൻ, റീസർവ്വേ സൂപ്രണ്ട്, (4) ശ്രീ. കെ. സുരേന്ദ്രൻ, മേഖലാ ജോയിന്റ് ഡയറക്ടർ എന്നിവർക്കെതിരെയുള്ള അന്വേഷണ റിപ്പോർട്ടുകൾ സർക്കാർ പരിശോധിച്ചു വരികയാണ്. സർക്കാർവക കുളം പുറമ്പോക്കിന്റെ തെക്കുഭാഗത്തെ കയ്യേറ്റം സാധൂകരിച്ച് നൽകിയ (1) ശ്രീ. ജി.ബിനുകുമാർ, എഫ്ടെ, (2), ശ്രീ. കെ. എസ്. അജികുമാർ, ഹെഡ് സർവ്വേയർ, (3) ശ്രീ. കെ. ബി. വിജയകുമാർ, സർവ്വേ സൂപ്രണ്ട്, (4) ശ്രീ. ബാബു തെക്കൻ, മേഖലാ ജോയിന്റ്യ് ഡയറക്ടർ എന്നിവരെ അന്വേഷണവിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്. KLC (amendment) Act പ്രകാരം നടപടിക്കായി പോലീസിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വകുപ്പുതല അച്ചടക്ക നടപടികളുടെ ഭാഗമായി കുറ്റാരോപണ മെമ്മോയും, കുറ്റാരോപണ പത്രികയും നൽകിയിട്ടുണ്ട്.

മലപ്പുറം ജില്ലയിലെ പട്ടയ മേളകൾ

181 (3965) ശ്രീ. എം. ഉമ്മർ :

ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം ജില്ലയിൽ നിന്നും പട്ടയത്തിനുള്ള എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് താലൂക്കുതല കണക്കുകൾ ലഭ്യമാക്കുമോ ;

(ബി) അതിൽ എത്ര പേർക്ക് പട്ടയം നൽകി ; ബാക്കി എന്നത്തേക്ക് നൽകാൻ കഴിയുമെന്നും വ്യക്തമാക്കാമോ

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജില്ലയിൽ എത്ര പട്ടയമേളകൾ സംഘടിപ്പിച്ചുവെന്നും അതിലൂടെ എത്ര പട്ടയങ്ങൾ നൽകിയെന്നും വ്യക്തമാക്കാമോ ;

(ഡി) അപേക്ഷിച്ചവരിൽ അർഹരായവർക്ക് ഉടൻ തന്നെ പട്ടയം നൽകാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) താലൂക്കുതല കണക്കുകൾ ചുവടെ ചേർക്കുന്നു.

താലൂക്ക്	ലഭിച്ച അപേക്ഷ
1	2
തിരൂർ	2645 എണ്ണം
പൊന്നാനി	1296 എണ്ണം
തിരൂരങ്ങാടി	1802 എണ്ണം

LIBRARY ARCHIVES Kerala Legislative Assembly